പതിനാലാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ :2486 07.02.2019-ൽ മറുപടിക്ക്

## ഇതര സംസ്ഥാനങ്ങളിൽ രജിസ്റ്റർ ചെയ്ത സഹകരണ സംഘങ്ങളുടെ ശാഖകൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.ഇ.കെ.വിജയൻ<br>,, ജി.എസ്.ജയലാൽ<br>,, എൽദോ എബ്രഹാം<br>ശ്രീമതി സി.കെ. ആശ | ശ്രീ.കടകംപള്ളി സുരേന്ദ്രൻ<br>(സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി) |

| | | | |
|---|---|---|---|
| (എ) | മൾട്ടി സ്റ്റേറ്റ് സഹകരണ നിയമം, 2002 പ്രകാരം ഇതര സംസ്ഥാനങ്ങളിൽ രജിസ്റ്റർ ചെയ്ത സംഘങ്ങളുടെ ബ്രാഞ്ചുകൾ സംസ്ഥാനത്ത് വ്യാപകമാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ; | (എ) | ഉണ്ട്. സെൻട്രൽ രജിസ്ട്രാറുടെ 02.11.2018 ലെ R-11017/72/2015-L&M(part-2)നമ്പർ സർക്കുലർ പ്രകാരം എല്ലാ മൾട്ടി സ്റ്റേറ്റ് സഹകരണസംഘങ്ങളും അവരുടെ ബ്രാഞ്ച് വിവരങ്ങൾ അതത് സ്റ്റേറ്റ് രജിസ്ട്രാറെ അറിയിക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ ടി സർക്കുലർ നിർദ്ദേശം പൂർണ്ണമായും പാലിക്കപ്പെടുന്നില്ല. |
| (ബി) | ഇത്തരം സ്ഥാപനങ്ങൾ സംസ്ഥാന സർക്കാരിന്റെ അനുമതി കൂടാതെ കൂടിയ നിരക്കിൽ നിക്ഷേപം സ്വീകരിച്ച് വൻകിട കച്ചവടക്കാർക്കും വ്യവസായികൾക്കും വായ്പ നല്കി കൊള്ളലാഭം ഉണ്ടാക്കുന്നത് തടയുന്നതിന് നടപടി സ്വീകരിക്കുമോ എന്നറിയിക്കാമോ; | (ബി) | ഉചിതമായ നടപടികൾ സ്വീകരിക്കുന്നതാണ്. |
| (സി) | സഹകരണ വകുപ്പിന്റെയോ മറ്റേതെങ്കിലും സംവിധാനത്തിന്റെയോ ഒരു പരിശോധനയ്ക്കും വിധേയമാകാതെ പ്രവർത്തിക്കുന്ന ഇത്തരം സ്ഥാപനങ്ങളുടെ മേൽ എന്ത് നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ? | (സി) | കേന്ദ്ര സഹകരണ സംഘം രജിസ്ട്രാറുടെ 29.05.2013 ലെ എഫ്.നം.ആർ. 11017/10/2013/ എൽ&എം നം. സർക്കുലർ നിർദ്ദേശ പ്രകാരം മൾട്ടിസ്റ്റേറ്റ് സഹകരണ സംഘങ്ങളിൽ പരിശോധന നടത്തുന്നതിന് അതത് സംസ്ഥാന സഹകരണ സംഘം രജിസ്ട്രാർമാരെ അധികാരപ്പെടുത്തിയിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ സഹകരണസംഘം രജിസ്ട്രാറുടെ 18.07.2013 തീയതിയിലെ ജി(1) 47/13 നമ്പർ സർക്കുലർ നിർദ്ദേശം പുറപ്പെടുവിക്കുകയും പരിശോധനയിൽ അനധികൃതമായി ബാങ്കിംഗ് പ്രവർത്തനം നടത്തുന്നതായി ബോധ്യപ്പെടുന്ന സംഘങ്ങളുടെ വിവരം കേന്ദ്ര രജിസ്ട്രാറെയും റിസർവ്വ് ബാങ്കിനെയും അറിയിക്കുകയും കേരളത്തിൽ പ്രവർത്തിക്കുന്നതിനുള്ള അവയുടെ അനുമതി റദ്ദുചെയ്യണമെന്ന് ആവശ്യപ്പെട്ട് നേരത്തെ കത്തു നൽകുകയും ചെയ്തിരുന്നു. കൂടാതെ സഹകരണ സംഘം രജിസ്ട്രാർ 53/18 നമ്പർ സർക്കുലർ പ്രകാരം "മൾട്ടി സ്റ്റേറ്റ് സഹകരണ സംഘങ്ങൾ അതിലെ അംഗങ്ങൾ മാത്രം ഉത്തരവാദിത്വമുള്ള ഒരു സ്വയംഭരണ സ്ഥാപനമാണെന്നും കേന്ദ്ര സഹകരണ രജിസ്ട്രാർക്ക് ടി സംഘങ്ങളുടെ മേൽ ഭരണപരമായ യാതൊരു നിയന്ത്രണവുമില്ലെന്നും |

| | | | |
|---|---|---|---|
| | | | അംഗങ്ങളും നിക്ഷേപകരും പൊതുജനങ്ങളും ഇത്തരം സംഘങ്ങളുടെ പ്രവർത്തനമികവ് കണക്കിലെടുത്ത് അവരവരുടെ സ്വന്തം റിസ്കിൽ ബന്ധപ്പെടേണ്ടതാണ് എന്നും നിക്ഷേപങ്ങളുടെ മേൽ യാതൊരു ഗ്യാരന്റിയും കൃഷിയും കാർഷികക്ഷേമവും മന്ത്രാലയം കേന്ദ്ര സഹകരണ സംഘം രജിസ്ട്രാർ നൽകുന്നതല്ല" എന്ന വിധത്തിൽ മേൽ സ്ഥാപനങ്ങളുടെ പ്രവേശന കവാടത്തിൽ സ്ഥാപിക്കാനും ആയത് ജില്ലകളിലെ ജോയിന്റ് രജിസ്ട്രാർമാർ ഉറപ്പ് വരുത്തണമെന്നും നിർദ്ദേശം നൽകിയിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**